**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 151** **29-07-2021 - ൽ മറുപടിയ്ക്ക്**

**മരംമുറി ഉത്തരവിൽ നിയമോപദേശം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. എ . പി . അനിൽ കുമാർ | | **Shri. P. Rajeeve**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | പട്ടയ ഭൂമിയിൽ കർഷകർ നട്ടുവളർത്തിയതും സ്വാഭാവികമായി വളർന്നുവന്നതുമായ മരങ്ങൾ മുറിക്കുന്നത് സംബന്ധിച്ച് വ്യക്തത വരുത്താൻ റവന്യൂ വകുപ്പ് 11.03.2020-ന് ഇറക്കിയ ഉത്തരവിന് ഹൈക്കോടതി സ്റ്റേ നിലനിന്ന കാലയളവിൽ കോടതിവിധിയെ മറികടക്കുന്ന രീതിയിൽ 24.10.2020-ന് റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി ഇറക്കിയ ഉത്തരവ് നിയമാനുസൃതമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (എ) | 11.03.2020 തീയതിയിൽ റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി പുറപ്പെടുവിച്ച യൂ.3/187/2019/റവന്യൂ നമ്പർ പരിപത്രം റദ്ദ് ചെയ്യപ്പെടേണ്ടതാണെന്നും മറ്റും ആവശ്യപ്പെട്ട് കൊണ്ടും ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)No.13678/2020 കേസിലെ 08.07.2020 തീയതിയിലെ ഇടക്കാല ഉത്തരവ് പ്രകാരം പ്രസ്തുത പരിപത്രം രണ്ടാഴ്ചത്തേയ്ക്ക് സ്റ്റേ ചെയ്തുകൊണ്ട് ബഹു. ഹൈക്കോടതി ഉത്തരവായിരുന്നു. തുടർന്ന് 24.10.2020 തീയതിയിൽ റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി പുറപ്പെടുവിച്ച സ.ഉ(കൈ)നം.261/ 2020/ റവന്യൂ നമ്പർ ഉത്തരവ് റദ്ദാക്കുന്നതിലേയ്ക്ക് റവന്യൂവകുപ്പ് തയ്യാറാക്കിയിട്ടുള്ള ഒരു കരട് ഉത്തരവ് പുറപ്പെടുവിക്കുന്നതിൽ എന്തെങ്കിലും നിയമതടസ്സം ഉണ്ടോയെന്നത് സംബന്ധിച്ച് നിയമ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ നിയമങ്ങളിലും ചട്ടങ്ങളിലും പട്ടയഭൂമിയിലെ ചന്ദനം, ഈട്ടി, എബണി, തേക്ക്, കരിമരം എന്നീ മരങ്ങൾ മുറിക്കാൻ സാധിക്കില്ല എന്ന് നിഷ്കർഷിച്ചിരിക്കെ റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി ഒരു ഉത്തരവിലൂടെ ഇതിനെ മറികടന്നത് നിയമ വിരുദ്ധമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ഭരണവകുപ്പ് പുറപ്പെടുവിച്ച പരിപത്രവും ഉത്തരവും നിയമപരമായി നിലനിൽക്കുന്നതല്ലെന്നും അക്കാരണത്താൽ അവ റദ്ദ് ചെയ്യപ്പെടേണ്ടതാണെന്നുമുള്ള അഭിപ്രായം അറിയിച്ചിട്ടുണ്ട്. ഭരണവകുപ്പിന്റെ കരട് ഉത്തരവിലെ പ്രസക്ത ഭാഗങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടും നിയമവകുപ്പ് ചൂണ്ടിക്കാണിച്ച വസ്തുതകൾ പരിഗണിച്ചുകൊണ്ടും 1964-ലെ ചട്ടങ്ങളിൽ ഉചിതമായ ഭേദഗതി കൊണ്ടു വരണമെന്ന് ഭരണവകുപ്പിനോട് നിർദ്ദേശിച്ചിട്ടുണ്ട്. |
| (സി) | 24.10.2020-ന് റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി ഇറക്കിയ ഉത്തരവിന് നിയമവകുപ്പിൽ നിന്നോ എ.ജി.യിൽ നിന്നോ നിയമോപദേശം ആരാഞ്ഞിരുന്നോ; എങ്കിൽ ഇതുസംബന്ധിച്ച് | (സി) | പ്രസ്തുത ഉത്തരവ് പുറപ്പെടുവിക്കുന്നതിന് നിയമവകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിട്ടില്ല. |

| | | | |
|---|---|---|---|
| | നൽകിയ നിയമോപദേശം എന്തായിരുന്നു എന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ